(സി) കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ലാസ്സുകൾ എടുക്കുകയും ഇന്റർനെറ്റ്, പത്രമാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്.

ശമ്പള പരിഷ്കരണ കമ്മീഷൻ

106(2094) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കമ്മീഷന്റെ കാലാവധി എത്ര തവണ നീട്ടി നൽകിയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി എന്ന് സർക്കാർ ഉത്തരവിറക്കുമെന്നും പറയാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. ഉത്തരവ് പ്രകാരം നിലവിൽവന്നു. 12-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന. ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന. പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ അന്തിമ ഘട്ടത്തിലാണ്. റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു.

(സി) കാലതാമസം ഒഴിവാക്കി ശമ്പളകമ്മീഷൻ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുന്നതാണ്. അതിനുശേഷം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ശമ്പള പരിഷ്കരണം

107(2095) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly